**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1208** **07-10-2021 - ൽ മറുപടിയ്ക്ക്**

**ചിറ്റുമൂല റയിൽവേ മേൽപ്പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി മണ്ഡലത്തിൽ ചിറ്റുമൂല റയിൽവെ മേൽപ്പാലത്തിന് ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ നടപടികൾ ആരംഭിക്കാത്തതിന് കാരണം വിശദീകരിക്കാമോ; | (എ) | ചിറ്റുമൂല (പുതിയകാവ്-ചക്കുവള്ളി) റെയിൽവേ മേൽപ്പാലത്തിൻറെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി G.O(Rt)No. 942/2017/PWD dtd.10.07.2017 സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകയും ആർ.ബി.ഡി.സി.കെ-യെ എസ്.പി.വി ആയി നിയമിക്കുകയും ചെയ്തു. കിഫ്ബിയിൽ നിന്നു 28.50 കോടി രൂപയ്ക്ക് സാമ്പത്തിക അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയ്ക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനു ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിൻറെ പ്രാരംഭ ചിലവുകൾക്കായി കണ്ടിൻജൻസി ചാർജ്ജിനത്തിൽ 7,99,539/- രൂപ 08.11.2019 ൽ ലാൻറ് അക്വസിഷൻ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായുള്ള എസ്.ഐ.എ പഠനം പൂർത്തീകരിച്ച ശേഷം വിദഗ്ധസമിതി റിപ്പോർട്ട് ലഭ്യമാക്കി 30.01.2021 ൽ 11(1) നോട്ടിഫിക്കേഷൻ 379-ാം നമ്പർ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഭൂമിയുടെ അടിസ്ഥാന വില മൂല്യ നിർണ്ണയവും കെട്ടിടങ്ങളുടെ വില നിർണ്ണയവും പുരോഗമിച്ചു വരുന്നു. ആർ.ഒ.ബി.യുടെ റെയിൽവേ ജനറൽ അറേഞ്ജ്മെൻറ് ഡ്രോയിംഗ് (ജി.എ.ഡി.)ൽ റെയിൽവേ നിർദ്ദേശിച്ച തിരുത്തലുകൾ നടത്തി 24.09.2021 ന് റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ജനറൽ അറേഞ്ച്മെൻറ് ഡ്രോയിംഗിന് അംഗീകാരം റെയിൽവേയിൽ നിന്നും ലഭിക്കുകയും, ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുകയും ചെയ്യുന്ന മുറക്ക് നിർമ്മാണ പ്രവർത്തകൾ ആരംഭിക്കുന്നതാണ്.നിർമ്മാണം സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | പ്രസ്തുത മേൽപ്പാലത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിച്ച് എന്നത്തേക്ക് പൂർത്തിയാക്കാൻ | (ബി) | ചിറ്റുമൂല (പുതിയകാവ്-ചക്കുവള്ളി) റെയിൽവേ മേൽപ്പാലത്തിൻറെ നിർമ്മാണം കിഫ്ബി |

| | | | |
|---|---|---|---|
| | കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ? | | പദ്ധതിയിൽ ഉൾപ്പെടുത്തി G.O(Rt)No. 942/2017/PWD dtd.10.07.2017 സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകയും ആർ.ബി.ഡി.സി.കെ-യെ എസ്.പി.വി ആയി നിയമിക്കുകയും ചെയ്തു. കിഫ്ബിയിൽ നിന്നു 28.50 കോടി രൂപയ്ക്ക് സാമ്പത്തിക അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയ്ക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനു ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിൻറെ പ്രാരംഭ ചിലവുകൾക്കായി കണ്ടിൻജൻസി ചാർജ്ജിനത്തിൽ 7,99,539/- രൂപ 08.11.2019 ൽ ലാൻറ് അക്വസിഷൻ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായുള്ള എസ്.ഐ.എ പഠനം പൂർത്തീകരിച്ച ശേഷം വിദഗ്ധസമിതി റിപ്പോർട്ട് ലഭ്യമാക്കി 30.01.2021 ൽ 11(1) നോട്ടിഫിക്കേഷൻ 379-ാം നമ്പർ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഭൂമിയുടെ അടിസ്ഥാന വില മൂല്യ നിർണ്ണയവും കെട്ടിടങ്ങളുടെ വില നിർണ്ണയവും പുരോഗമിച്ചു വരുന്നു. ആർ.ഒ.ബി.യുടെ റെയിൽവേ ജനറൽ അറേഞ്ച്മെൻറ് ഡ്രോയിംഗ് (ജി.എ.ഡി.)ൽ റെയിൽവേ നിർദ്ദേശിച്ച തിരുത്തലുകൾ നടത്തി 24.09.2021 ന് റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ജനറൽ അറേഞ്ച്മെൻറ് ഡ്രോയിംഗിന് അംഗീകാരം റെയിൽവേയിൽ നിന്നും ലഭിക്കുകയും, ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുകയും ചെയ്യുന്ന മുറക്ക് നിർമ്മാണ പ്രവർത്തകൾ ആരംഭിക്കുന്നതാണ്.നിർമ്മാണം സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ